**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75** **07-12-2022 - ൽ മറുപടിയ്ക്ക്**

**കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി ദെലീമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജനങ്ങളുടെ ഉപജീവന മാർഗ്ഗമെന്ന നിലയിലും ക്ഷീരോല്പാദനം സവിശേഷ പ്രാധാന്യമർഹിക്കുന്ന മേഖലയായതിനാലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് എൺപത് ശതമാനം സബ്സിഡിയോടെ പശുവിനെ കൊടുക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വനിതകൾക്ക് 90% സബ്സിഡിയോടെ "ഒരു പശു" യൂണിറ്റ് പദ്ധതി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. 95400/- രൂപ സബ്സിഡിയായി നൽകുന്ന പദ്ധതിയാണ്. ഈ വർഷം 140 വനിതകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. സബ്സിഡിയോടെ പശുവിനെ നൽകുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പാക്കുന്നില്ല. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള കന്നുകുട്ടി ദത്തെടുക്കൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | **<u>നിലവിലെ പദ്ധതികൾ</u>**<br><br>1. ഗോവർദ്ധിനി : 50% സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമാക്കുന്ന പദ്ധതിയാണിത്, മൃഗാശുപത്രികളിലും കൃത്രിമ ബീജാധാനകേന്ദ്രങ്ങളിലും സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ കന്നുകുട്ടികൾക്കും എരുമ കുട്ടികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കും. ഒരു കർഷകന്റെ 2 പശുക്കുട്ടികൾക്ക്/ എരുമക്കുട്ടികൾക്ക് വരെ ആനുകൂല്യം ലഭിക്കാം.<br>2. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി (Calf Adoption Programme) - പദ്ധതിചിലവിന്റെ 25% സംസ്ഥാന മൃഗസംരക്ഷണ വകുപ്പും 25% തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കും. പഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീകരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്കാണ് ആനുകൂല്യം നല്കുന്നത്. വനിതകൾക്കും പിന്നോക്ക വിഭാഗത്തിനും മുൻഗണനയുണ്ട്. |

| | | | |
|---|---|---|---|
| | | | 3. ഗ്രാമപഞ്ചായത്ത് പദ്ധതി : 50% ചെലവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നു. ഗ്രാമസഭകളിൽ അംഗീകരിക്കുന്ന ലിസ്റ്റനുസരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |
| (സി) | ഈ വർഷം പ്രസ്തുത പദ്ധതിയിൽ എത്ര കന്നുകുട്ടികളെ ദത്തുലിസ്റ്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (സി) | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഗോവർദ്ധിനി പദ്ധതിയിൽ 2022-23 വർഷത്തിൽ 42,410 കന്നുകുട്ടികളെ വരിചേർക്കുവാൻ സാധിക്കും. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി (Calf Adoption Programme) ഈ വർഷം നടപ്പിലാക്കുന്നില്ല. |
| (ഡി) | നിലവിലുള്ള കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കൂടുതൽ ആകർഷകമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | വളരെ ആകർഷകമായതും രാജ്യത്തുതന്നെ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിലുമുള്ള ഇൻഷ്വറൻസ് പദ്ധതികളായ ഗോസമൃദ്ധി, എൻ.എൽ.എം തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നത്. സൗജന്യ നിരക്കിലുള്ള പ്രീമിയം ഈടാക്കിക്കൊണ്ട് ക്ഷീരകർഷകർക്ക് ഈ പദ്ധതികൾ വഴി 1 വർഷത്തേക്കും, 3 വർഷത്തേക്കും തങ്ങളുടെ ഉരുക്കളെ ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ